# KSTA MALAPPURAM
# SSLC MODEL EXAMINATION,MARCH-2021
## കേരളപാഠാവലി-ഉത്തരസൂചിക

1)ക്രോധം

2)ഴാങ് വാൽ ഴാങ്

3)അന്യജീവനുതകി

4)അവരവരുടെ കർമ്മങ്ങളാൽ നയിക്കപ്പെട്ട്

5)പാഥേയം

6)ദുഷ്ഷന്തന്റെ

7)യോഗിയായ ദിവാകരനെ തങ്ങളുടെ കൗമാരകാലം ഓർമ്മപ്പെടുത്തുകയാണ് നളിനി.ഇനി ലൗകിക ജീവിതം സാധ്യമല്ല എന്ന് ദിവാകരൻ സൂചിപ്പിക്കുന്നു.

8)മിസ്സിസ് തലത്ത് താമസിക്കുന്ന വീട്ടിൽ വന്ന് സുധീർ അവരെ കാണുന്ന സന്ദർഭം.

9)വിടരുന്ന താമര പൂവ് പോലെ

10)വത്സ,സൗമിത്രേ,കുമാര.

11)ഉപ്പുകൊണ്ടുള്ള പ്രതിമ
കാലമാകുന്ന അഹി

12)പട്ടിണി സഹിക്കാതെ മുത്തശ്ശിക്കൊപ്പം ചവറ് പെറുക്കാൻ പോകുന്നത്.
തൂക്കി വിൽക്കുന്ന ചവറുകളുടെ മൂല്യം പോലും പട്ടിണിക്കാരന്റെ വിശപ്പിന് കൊടുക്കാത്തത്.

13)സൂര്യ സാന്നിധ്യത്തിൽ താമരപ്പൂവ് വിടരുന്നത് പോലെ ദിവാകര സാന്നിധ്യം നളിനിയിലുണ്ടാക്കിയ മാറ്റം

14)വസന്തത്തിന്റെ ആഗമനം, ദുഷ്ഷന്തന്റെയും ശകുന്തളയുടേയും പുനഃസ്സമാഗമം.

15)സുധീർ വീട്ടിൽ വന്നപ്പോൾ കതക് തുറന്ന് പുറത്തേക്ക് വരുന്ന താഴത്തേതിൽ കുഞ്ഞുക്കുട്ടി അമ്മയുടെ രൂപമാണ ഒന്ന്.
ലണ്ടനിലും ന്യൂയോർക്കിലും വെച്ച് കണ്ട മാഡം തലത്തിന്റെ ചിത്രമാണ് മറ്റൊന്ന്.

16)ചുട്ട് പഴുത്ത ലോഹപാത്രത്തിൽ വീഴുന്ന വെള്ളത്തുള്ളി,
പാമ്പിന്റെ വായിലകപ്പെട്ട തവള ഭക്ഷണത്തിനായി കരയുന്നത്,
സത്രത്തിൽ ഒരുമിച്ച് കഴിഞ്ഞ് പലവഴിക്ക് പിരിഞ്ഞുപോകുന്നത്.
നദിയിലൊഴുകുന്ന മരത്തടിപോലെ

17)ലോകത്തിന്റെ മുറിവുകളിൽ സാന്ത്വനസ്പർശനമായിമാറുന്ന യേശുവിന്റെ ചേതനയറ്റ ശരീരം മറിയത്തിന്റെ മടിയിൽ കിടക്കുന്നതാണ് പീയത്ത ശില്പം.
കരുണയും ക്ഷമയും ജനങ്ങളോട് ആവശ്യപ്പെടുകയാണ് ഈ ശില്പം ചെയ്യുന്നത്.

18)പട്ടിണിക്കാരോടും പാവങ്ങളോടുമുള്ള മെത്രാന്റെ സഹാനുഭൂതിയും ഭൗതിക സുഖങ്ങളോടുള്ള താല്പര്യമില്ലായ്മയും.

19)അയൽ വാസികളായ അമ്മിണി, മുത്തുരാവുത്തർ അതിനപ്പുറം അമ്പതിലധികം കുടികളിലുള്ള മനുഷ്യരുടെ വിഷാദവും സഹാനുഭൂതിയും അവതരിപ്പിച്ച് കൊണ്ട്.

20)അമ്മയോടുള്ള സഹാനുഭൂതിയും നന്ദികേട് കാണിക്കുന്ന മകനോടുള്ള രോഷവും മനസ്സിൽ വെച്ച് സ്വന്തമായ ചില സരസ്വതീ വിലാസവും കൂട്ടിയാണ് കത്താക്കി മാറ്റിയത്.

21)സർവ്വദമനന്റെ ക്ഷത്രിയ സ്വഭാവം ആശ്രമത്തിന് നിരക്കുന്നതല്ല.
മണവും ഗുണവുമുള്ള ചന്ദനമരത്തിൽ വിഷമുള്ള പാമ്പ് ശരിയല്ല.

22)രചനയുടെ ഭാവാത്മകമായ പ്രത്യേകത-അച്ഛനൊപ്പം നിസ്സഹായരായിപ്പോയ പാഴുതറ വാസികൾ - അച്ഛനും മകനും തമ്മിലുള്ള കൂടിക്കാഴ്ച്ച- ശവസംസ്കാരം-പൊതിച്ചോറ്-ബലിച്ചോറ്.

23)സ്നേഹത്തിന്റെ പ്രതിരൂപം - വെള്ളിസാമാനങ്ങൾ ഉൾപ്പടെ ഒന്നും തന്റേതല്ല-എല്ലാം പാവങ്ങളുടേത്-അരമനസാവികളോടും, പോലീസുകാരോടുമുള്ള പ്രതികരണം-പോലീസ് മോചിതനായ ഴാങ് വാൽ ഴാങിനോടുള്ള പ്രതികരണം.

24) കവിതയുടെ ആശയം - കോവിഡ് പ്രതിരോധത്തിൽ ആരോഗ്യപ്രവർത്തകരുടെ പങ്ക്-അതിഥി തൊഴിലാളികൾ,മനുഷ്യേതര ജീവജാലങ്ങൾക്കും കാവൽ നിൽക്കണമെന്ന അധികൃതരുടെ നിർദ്ദേശം - മാനവികത എന്ന ആശയം.

25) തിരക്കു പിടിച്ച ആധുനിക ജീവിതത്തിൽ എല്ലാറ്റിനും കേന്ദ്രമായി പണം മാറുന്നതിന്റെ ദോഷം- മനുഷ്യ കേന്ദ്രിതമായ ജീവിത വീക്ഷണത്തിന്റെ ദോഷം- എഴുത്തച്ഛന്റെ ഉപദേശങ്ങളുടെ കാലിക പ്രസക്തി വ്യക്തമാക്കണം.